പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1090

05/03/2020-ൽ മറുപടിയ്ക്ക്

## പല്ലാരിമംഗലം ജി.വി.എച്ച്.എസ്.എസ്.ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 3 കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം ജി.വി.എച്ച്.എസ്.എസ്.ന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തികളുടെ എസ്.പി.വി ആയി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും, നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്.പി.വി. സ്വീകരിച്ചിട്ടുള്ള തുടർ നടപടിയും വിശദമാക്കാമോ;<br><br>(സി) ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ), (ബി) & (സി) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖേന 3 കോടി രൂപ അനുവദിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ ഉൾപ്പെട്ട കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം ജി.വി.എച്ച്.എസ്.എസിന്റെ നിർമ്മാണത്തിനുള്ള SPV യായി കൈറ്റിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിനും പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലുമുണ്ടാകുന്ന കാലതാമസം ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ മാനവവിഭവശേഷിയുടെ അപര്യാപ്തത എന്നിവ ചൂണ്ടിക്കാട്ടി 'കൈറ്റ്' 50 സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ SPV യായ കൈറ്റിനെ മാറ്റി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്രസ്തുത സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Namitha.P

സെക്ഷൻ ഓഫീസർ